LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാൽ സംഭരണവും വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ആധുനികവൽക്കരണം നടത്തുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനും ക്ഷീര കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും വേണ്ടി ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനും ഫുഡ് സേഫ്റ്റി ആക്ട് അനുസരിച്ച് ക്ഷീരസംഘങ്ങൾക്ക് ഫുഡ് സേഫ്റ്റി ലൈസൻസ് എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

മിൽമ മേഖലാ യൂണിയനുകൾ വഴി ക്ഷീരസംഘങ്ങളിൽ സംഭരണം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന പദ്ധതികൾ വഴിയും, വിവിധ പദ്ധതികൾ നടത്തിവരുന്നുണ്ട്. സമീകൃത കാലിത്തീറ്റ, പച്ചപ്പുൽ, വയ്ക്കോൽ, ബദൽ കാലിത്തീറ്റ വിതരണം തുടങ്ങിയവയിലൂടെയും ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാമുപകരണങ്ങൾ നൽകുക, കിടാരി പരിശീലന പരിപാടി നടപ്പിലാക്കുക, പശുക്കൾ വാങ്ങുന്നതിന് ബാങ്ക് വായ്പ നൽകുക തുടങ്ങിയ പദ്ധതികളിലൂടെയും ക്ഷീരകർഷകർക്ക് ഉല്പാദനോപാധികൾ നൽകുക, ഇൻഷുറൻസ് പദ്ധതികൾ ഏർപ്പെടുത്തുക, കാലിത്തീറ്റ സബ്സിഡിയും പ്രൊഡക്ഷൻ ഇൻസെന്റീവും നൽകുക, അന്യസംസ്ഥാനങ്ങളിൽ നിന്നും കാലികളെ കൊണ്ടുവരുന്നതിന് കടത്തുകൂലി നൽകുക മുതലായ പദ്ധതികൾ നടപ്പിലാക്കുക വഴി ക്ഷീര സംഘങ്ങളിൽ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിന് മിൽമയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2010-11-ൽ ക്ഷീര സംഘങ്ങൾ വഴി പ്രതിദിനം 11.24 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് 2014-15 വർഷത്തിൽ 15.26 ലക്ഷം ലിറ്ററായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

കാലിത്തീറ്റ വിലവർദ്ധന

55 (1526) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിത്തീറ്റ വിലവർദ്ധനമൂലം ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പാലുല്പാദനം കുറയുന്ന കാലയളവിൽ, ഉല്പാദനവും ക്ഷീരസഹകരണ സംഘങ്ങൾ വഴിയുള്ള സംഭരണവും വർദ്ധിപ്പിക്കുന്നതിനായി ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിന് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി, ക്ഷീര വികസന വകുപ്പ് സബ്സിഡി നൽകിവരുന്നു. ക്ഷീരമേഖലയിലെ വികസനം പരിമിതപ്പെടുത്തുന്ന പ്രധാനഘടകമായ തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയിലൂടെ സൗജന്യമായ പുൽക്കട കൃഷി ചെയ്യുന്നതിനും ജലസേചനത്തിനും മറ്റും ധനസഹായം നൽകിവരുന്നു. കൂടാതെ തീറ്റച്ചെലവ് കുറയ്ക്കുന്നതിന് വനിതാ സ്വയംസംരംഭക ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിച്ച് പുൽകൃഷി ചെയ്യുന്നതിന് സഹായവും, സംഘത്തിലൂടെ പുല്ല് വിൽക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. തൻവർഷം പുൽകൃഷി പദ്ധതിയ്ക്കായി 500 ലക്ഷം രൂപയും കാലിത്തീറ്റ സബ്സിഡി നൽകുന്നതിലേക്കായി ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ നൽകുന്നതിന് 1350 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും മിൽമയുടെ മേഖലാ യൂണിയനുകളും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിവരുന്നുണ്ട്. ഫെഡറേഷൻ 2014-15 വർഷം കാലിത്തീറ്റ സബ്സിഡി ഇനത്തിൽ ഏകദേശം 10 കോടി രൂപയോളം നൽകിയിട്ടുണ്ട്. കൂടാതെ ക്ഷീരകർഷകർക്ക് കേരള ഫീഡ്സ് ലിമിറ്റഡ് 2014 ഡിസംബർ മുതൽ 2015 സെപ്റ്റംബർ വരെയുള്ള കാലയളവിൽ കാലിത്തീറ്റയ്ക്ക് പരമാവധി വിൽപ്പന വിലയിൽ നിന്നും ഡിസ്കൗണ്ട് ഇനത്തിൽ മൊത്തം 6 കോടി രൂപയോളം നൽകിയിട്ടുണ്ട്.

പാൽ ഉല്പാദനം

56 (1527) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലിറ്റർ പാലാണ് പ്രതിദിനം ആവശ്യമായിട്ടുള്ളത്, ഇതിൽ എത്ര ലിറ്റർ പാലാണ് നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ദിനംപ്രതി എത്ര ലിറ്റർ പാൽ കൊണ്ടു വരുന്നുണ്ട്, ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് പാൽ കൊണ്ടുവരുന്നത്;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിൽ മായം കലർത്തുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതുമായി ബന്ധപ്പെട്ട് കേസുകൾ എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ?